<u>ഭരണഭാഷ മാതൃഭാഷ</u>

**പൊരുന്നന്നൂർ സാമൂഹ്യാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ കാര്യാലയം.**

**കെല്ലൂർ പി.ഒ, വയനാട്-670645 ഫോൺ:04935 240864**

***e-mail: bphc.porunnannore@gmail.com***

**നമ്പർ:എ/1033/2024** **തിയതി: 12.12.2024**

## <u>ലേലം / ക്വട്ടേഷൻ നോട്ടീസ്</u>

പൊരുന്നന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ പുതിയ ഇമ്മ്യൂണൈസേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി കാലപ്പഴക്കം വന്ന അൺഫിറ്റായ പഴയ ക്വാർട്ടേഴ്സ് കെട്ടിടം (കെട്ടിട നമ്പർ IX 227 ) പൊളിച്ചു നീക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ പി.എൽ.ബി3/26851/24/ആവഡ,തീയ്യതി 09-12-2024 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട് .മേൽ സാഹചര്യത്തിൽ പ്രസ്തുത ക്വാർട്ടേഴ്സ് നിയമാനുസൃതം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പൊളിച്ചു നീക്കുന്നതിന് പരസ്യ ലേലം /ക്വട്ടേഷൻ നടത്തുന്നതാണ്.പരസ്യ ലേലം /ക്വട്ടേഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ള സ്ഥാപങ്ങളിൽ /വ്യക്തികളിൽ നിന്ന് മുദ്രവെച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു .

| | |
|---|---|
| ലേലം /ക്വട്ടേഷൻ നമ്പർ | എ/1033/24 |
| ലേല തീയ്യതിയും സമയവും | 23/12/2024 രാവിലെ 11 മണി |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും | 23/12/2024 രാവിലെ 10.30 മണി വരെ |
| ക്വട്ടേഷൻ തുറക്കുന്ന തീയ്യതിയും സമയവും | 23/12/2024 പരസ്യ ലേലത്തിന് ശേഷം |
| ലേലം നടത്തുന്ന അധികാരിയുടെ പദവിയും മേൽവിലാസവും | മെഡിക്കൽഓഫീസർ,സാമൂഹിക ആരോഗ്യ കേന്ദ്രം പൊരുന്നന്നൂർ കെല്ലൂർ (പി.ഒ), മാനന്തവാടി, വയനാട് |

### <u>വിശദാംശങ്ങൾ</u>

പൊരുന്നന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന ക്വാർട്ടേഴ്സ് എന്ന് നാമകരണം ചെയ്തിട്ടുള്ള ഓടിനാൽ മേൽക്കൂര ആവരണം ചെയ്തിട്ടുള്ള പഴയ ഒരു കെട്ടിടത്തിന്റെ (IX 227) മൂല്യ നിർണയം എൽ.എസ്.ജി.ഡി എൻജിനിയറിങ് വിഭാഗം നടത്തിയിട്ടുള്ളതാണ് .ലേലത്തിൽ

പങ്കെടുക്കുന്നവർ തുക രേഖപ്പെടുത്തി മുദ്രവച്ച കവറിൽ " പൊരുന്നന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ക്വാർട്ടേഴ്സ് പൊളിച്ചു നീക്കുന്നതിനുള്ള ക്വട്ടേഷൻ " എന്നെഴുതി 23/12/2024 ന് രാവിലെ 10.30 മണിക്ക് മുൻപായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ് .പരസ്യ ലേലത്തിന് ശേഷം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ,ലേലത്തിലോ , ക്വട്ടേഷനിലോ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ് .ലേല തുകക്ക് 18% ജി.എസ്.ടി ലേലം / ക്വട്ടേഷൻ ഉറപ്പിക്കുന്നവർ അടക്കേണ്ടതാണ് .ലേലം /ക്വട്ടേഷന് താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ് .

1. ക്വാർട്ടേഴ്സുകൾ പൊളിച്ചു നീക്കുന്നതിനുള്ള ക്വട്ടേഷൻ മുദ്ര വെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.
2. പ്രവൃത്തി ഉത്തരവ് കൈപ്പറ്റി 20 ദിവസത്തിനകം പ്രവൃത്തി സ്വന്തം ഉത്തരവാദിത്യത്തിൽത്തിൽ പൂർത്തീകരിക്കേണ്ടതാണ് .
3. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ അന്നേ ദിവസം രാവിലെ 11 മണിക്ക് മുൻപായി നിരതദ്രവ്യം പണമായി ഓഫീസിൽ കെട്ടിവെക്കേണ്ടതാണ് .നിരത ദ്രവ്യം ഒടുക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല .
4. ലേലം /ക്വട്ടേഷൻ ഉറപ്പിച്ച തുകയുടെ 20% അന്നേ ദിവസം പ്രവൃത്തി സമയത്തിനുള്ളിൽ ഓഫീസിൽ അടക്കേണ്ടതും ,ബാക്കി തുക 18% ജി.എസ്.ടി ഉൾപ്പെടെ 7 ദിവസത്തിനകം ഓഫീസിൽ അടക്കേണ്ടതുമാണ് .
5. 7 പ്രവൃത്തി ദിവസത്തിനകം മുഴുവൻ തുകയും അടക്കാൻ കഴിയാത്ത പക്ഷം ലേലം /ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം ഉൾപ്പെടെയുള്ള തുക സർക്കാരിലേക്ക് കണ്ടുക്കെട്ടുന്നതുമായിരിക്കും.
6. പ്രവൃത്തി നിർവഹിക്കുന്ന അവസരത്തിൽ സ്ഥാപനത്തിലെ മറ്റ് കെട്ടിടങ്ങൾക്കോ ,വസ്തുവകകൾക്കോ കേടുപാടുകൾ സംഭവിക്കാൻ പാടുള്ളതല്ല.
7. സ്ഥാപനത്തിലെ ദൈനം ദിന പ്രവൃത്തികളെ ബാധിക്കുന്ന തരത്തിലുള്ള യാതൊരുവിധ പ്രവർത്തനങ്ങളും ലേലം /ക്വട്ടേഷൻ എടുത്തവരുടെ ഭാഗത്ത് നിന്ന് ഉണ്ടാവാൻ പാടുള്ളതല്ല .
8. എൽ.എസ്.ജി.ഡി എൻജിനിയറിങ് വിഭാഗത്തിൽ നിന്ന് ലഭിച്ച മൂല്യനിർണയ തുകയിൽ കൂടിയ തുക മാത്രമേ ലേലം /ക്വട്ടേഷൻ അന്തിമമാക്കുന്നതിന് പരിഗണിക്കുകയുള്ളൂ.
9. ലേലം /ക്വട്ടേഷൻ പങ്കെടുക്കുന്നവർ നിർബന്ധമായും സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ് .
10. ലേലം /ക്വട്ടേഷൻ കൊള്ളുന്നവർ 200/-രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി മെഡിക്കൽ ഓഫീസറുമായി ഒപ്പുവെക്കേണ്ടാതാണ് .ആയതിന് ശേഷം പ്രവർത്തനാനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി

ആരംഭിക്കേണ്ടതും മണ്ണ് ഒഴിച്ചുള്ള കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്ത് സൈറ്റ് ക്ലിയർ ചെയ്യേണ്ടതുമാണ് .

11. 23/12/2024ന് രാവിലെ 11 മണിക്ക് ലേലം ആരംഭിക്കുന്നതും ലേലം അവസാനിച്ച ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതും ലേലത്തിലോ,ക്വട്ടേഷനിലോ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ വ്യക്തിക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി ലേലം അംഗീകരിക്കുന്നതുമാണ് .
12. ലേലം /ക്വട്ടേഷൻ മാറ്റിവെക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോയുള്ള പൂർണ്ണ അധികാരം മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്.
13. ലേലം /ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

OFFICE OF THE COMMUNITY HEALTH ... PORUNNANNUR Pin 670645 Date............

മെഡിക്കൽ ഓഫീസർ
MEDICAL OFFICER
C H C Porunnannur
PO Kellur Wayanad Dt

പകർപ്പ് :

1) ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
2) ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം (വയനാട്)
3) സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് മാനന്തവാടി
4) സെക്രട്ടറി ഗ്രാമപഞ്ചായത്ത്, വെള്ളമുണ്ട
5) സൂപ്രണ്ട് ,ജില്ലാ ആശുപത്രി മാനന്തവാടി/ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രി നല്ലൂർനാട്
6) മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി വെള്ളമുണ്ട/തൊണ്ടർനാട് /ബേഗൂര്/ഇടവക/കുറുക്കൻമൂല/അപ്പപ്പാറ
7) വില്ലേജ് ഓഫീസ് പൊരുന്നന്നൂർ
8) നോട്ടീസ് ബോർഡ്
9) ഫയൽ